പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *448 19/10/2011-ൽ മറുപടിക്ക്.

## കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. മാത്യു റ്റി. തോമസ്<br>,, ജോസ് തെറ്റയിൽ<br>ശ്രീമതി ജമീലാ പ്രകാശം | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡിൽ എത്ര തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ലാ അടിസ്ഥാനത്തിൽ വിശദമാക്കാമോ; | (എ) വിശദാംശങ്ങൾ അനുബന്ധം I ൽ ചേർത്തിരിക്കുന്നു. |
| (ബി) ഇവർക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) വിശദാംശങ്ങൾ അനുബന്ധം II ൽ ചേർത്തിരിക്കുന്നു. |
| (സി) യഥാർത്ഥ തൊഴിലാളികൾ അല്ലാത്തവരും ആനുകൂല്യങ്ങൾക്ക് വേണ്ടി രജിസ്റ്റർ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതൊഴിവാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (സി) ഇല്ല.<br>നിർമ്മാണ മേഖലയിലെ തൊഴിലാളിയാണെന്ന് അംഗീകൃത തൊഴിലുടമ/ കോൺട്രാക്ടർ/ അംഗീകൃത ട്രേഡ് യൂണിയൻ/ അസിസ്റ്റന്റ് ലേബർ ഓഫീസർ/പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവരിൽ ആരെങ്കിലും നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് അംഗത്വം നൽകുന്നത്. അനധികൃത രജിസ്ട്രേഷൻ ഒഴിവാക്കുവാൻ ജാഗ്രത പുലർത്തണമെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൽ ദുരുപയോഗം കടന്നുകൂടിയിട്ടുണ്ട് എന്നും ട്രേഡ് യൂണിയനുകൾ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ വഴി അനധികൃത രജിസ്ട്രേഷൻ നടന്നിട്ടുണ്ട് എന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| (ഡി) മതിയായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്താത്തതിനാൽ തൊഴിൽ സ്ഥലത്ത് വർദ്ധിച്ചുവരുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ഡി) തൊഴിൽ ദാതാവ് ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ തൊഴിലാളികൾക്ക് ഉറപ്പ് വരുത്തേണ്ടതാണ്. ഇത്തരം സുരക്ഷാ സംവിധാനങ്ങൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെയും ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിലെയും ഉദ്യോഗസ്ഥർ സംയുക്തമായി സ്ക്വാഡ് പരിശോധന നടത്തി ഉറപ്പുവരുത്തുന്നുണ്ട്. |
| (ഇ) മതിയായ സുരക്ഷാ സംവിധാനം ഏർപ്പെടുത്താതെ കെട്ടിട നിർമ്മാണം നടത്തുന്ന ഉടമകൾക്കെതിരെ എന്തെല്ലാം നിയമനടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ ? | (ഇ) മതിയായ സുരക്ഷാ സംവിധാനം ഏർപ്പെടുത്താതെ കെട്ടിട നിർമ്മാണം നടത്തുന്ന ഉടമകൾക്കെതിരെ സ്റ്റോപ്പ് മെമ്മോ നൽകി നിർമ്മാണം തടഞ്ഞ് വയ്ക്കുകയും സുരക്ഷാ ക്രമീകരണങ്ങളുടെ അപര്യാപ്തത മൂലം തൊഴിലാളികൾക്കുണ്ടാകുന്ന അപകടങ്ങൾക്ക് കെട്ടിട ഉടമയ്ക്കെതിരെ വർക്ക്മെൻ കോമ്പൻസേഷൻ നിയമപ്രകാരം കേസ് എടുത്ത് നഷ്ടപരിഹാരം ഈടാക്കി തൊഴിലാളികൾക്കോ ആശ്രിതർക്കോ നൽകുന്നു. മരണം സംഭവിക്കുന്ന കേസ്സുകളിൽ തൊഴിലുടമകളുടെ ഉദാസീനത പരിശോധനാ സംഘത്തിന് ബോദ്ധ്യപ്പെട്ടാൽ മനപ്പൂർവ്വമല്ലാത്ത നരഹത്യയ്ക്ക് കേസ്സെടുക്കുന്ന കാര്യം പരിശോധിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

### കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്

### അംഗത്വ രജിസ്ട്രേഷൻ (സെപ്റ്റംബർ, 2011) വരെ

| ക്രമ നമ്പർ | ജില്ല | അംഗത്വം ലഭിച്ചവരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 264976 |
| 2 | കൊല്ലം | 103760 |
| 3 | പത്തനംതിട്ട | 59589 |
| 4 | ആലപ്പുഴ | 70299 |
| 5 | കോട്ടയം | 70636 |
| 6 | ഇടുക്കി | 56622 |
| 7 | എറണാകുളം | 112375 |
| 8 | തൃശ്ശൂർ | 128085 |
| 9 | പാലക്കാട് | 218407 |
| 10 | മലപ്പുറം | 161008 |
| 11 | കോഴിക്കോട് | 148425 |
| 12 | വയനാട് | 22072 |
| 13 | കണ്ണൂർ | 162489 |
| 14 | കാസർഗോഡ് | 55972 |
| | **ആകെ** | **1634715** |

## അനുബന്ധം - 2

**കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് അംഗതൊഴിലാളികൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ താഴെപ്പറയുന്നവയാണ്.**

| | |
|---|---|
| 1. പെൻഷൻ | -60 വയസ് പൂർത്തിയായ അംഗതൊഴിലാളികൾക്ക് സേവനകാലമനുസരിച്ച് പ്രതിമാസം കുറഞ്ഞത് 400/-രൂപ മുതൽ പരമാവധി 600/-രൂപ വരെ പെൻഷനായി നൽകുന്നു. |
| 2. കുടുംബ പെൻഷൻ | - പെൻഷൻ വാങ്ങി കൊണ്ടിരിക്കുന്ന വ്യക്തി മരണപ്പെടുകയാണെങ്കിൽ ടിയാന്റെ ഭാര്യ അല്ലെങ്കിൽ ഭർത്താവിന് 200/-രൂപയോ, മരണപ്പെട്ട ആൾ വാങ്ങിയിരുന്ന പെൻഷൻ തുകയുടെ പകുതിയോ എതാണ് കൂടുതൽ ആ തുക കുടുംബ പെൻഷനായി നൽകുന്നതാണ്. |
| 3. അവശതാ പെൻഷൻ | - സ്ഥായിയായ അവശത അനുഭവിക്കുന്ന അംഗതൊഴിലാളികൾക്ക് പ്രതിമാസം 400/-രൂപ അവശതാ പെൻഷനായി നൽകുന്നു. അതിനൊപ്പം 5000 രൂപ എക്സ്ഗ്രേഷ്യാ തുകയായും നൽകുന്നു. |
| 4. ഉപകരണ വായ്പ | - അംഗതൊഴിലാളികൾക്ക് പണിയായുധങ്ങൾ വാങ്ങുന്നതിന് 10,000/-രൂപ വരെ ഉപകരണവായ്പയായി നൽകുന്നു. |
| 5. മരണാനന്തര ചെലവ് | -അംഗതൊഴിലാളി മരണപ്പെട്ടാൽ നോമിനിക്ക് മരണാനന്തര ചെലവുകൾക്കായി 2000/-രൂപ അനുവദിക്കുന്നു. |
| 6. മരണാനന്തര ആനുകൂല്യം | -അംഗതൊഴിലാളി മരണപ്പെട്ടാൽ നോമിനിക്ക് മരണാനന്തര ആനുകൂല്യമായി 15000/-രൂപ അനുവദിക്കുന്നു. |
| 7. അപകടമരണ ധനസഹായം | - തൊഴിൽ ചെയ്തു കൊണ്ടിരിക്കുമ്പോൾ ഉണ്ടാകുന്ന അപകടത്തെ തുടർന്ന് അംഗതൊഴിലാളി മരണപ്പെടുകയാണെങ്കിൽ അവകാശികൾക്ക് 2 ലക്ഷം രൂപ ധനസഹായമായി അനുവദിക്കുന്നതാണ്. |
| 8. അപകട ചികിത്സാ ധനസഹായം | -അപകടം സംഭവിക്കുന്ന അംഗതൊഴിലാളിക്ക് ധനസഹായം പരമാവധി ചികിത്സാ ധനസഹായമായി 10000/-രൂപ വരെ നൽകുന്നു. |
| 9. അപകടത്തെതുടർന്ന് അവശതസംഭവിച്ചാൽ | -അപകടത്തെ തുടർന്ന് സ്ഥായിയായ അവശത സംഭവിക്കുന്നപക്ഷം അവശതയുടെ ശതമാനത്തിന്റെ അടിസ്ഥാനത്തിൽ 1 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നു. |
| 10. സാധാരണ രോഗചികിത്സാ ധനസഹായം | -സർക്കാർ ആശുപത്രികളിലോ, ബോർഡ് അംഗീകരിച്ചിട്ടുള്ള ആശുപത്രികളിലോ ചികിത്സ നടത്തുന്ന അംഗ തൊഴിലാളികൾക്ക് പരമാവധി 5000/-രൂപ വരെ ധനസഹായം നൽകുന്നതാണ്. |

| | |
|---|---|
| 11. മാരകരോഗ ചികിത്സാ ധനസഹായം | -മാരകരോഗ ചികിത്സാ ധനസഹായമായി പരമാവധി ധനസഹായം 20000/-രൂപ വരെ ചികിത്സാ ധനസഹായമായി നൽകുന്നു. |
| 12. വിദ്യാഭ്യാസത്തിനുള്ള ധനസഹായം | -അംഗതൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസം സാമ്പത്തികസഹായം നൽകുന്നതിനായി വിവിധ കോഴ്സുകൾക്ക് വിവിധ നിരക്കിലുള്ള തുക (600/-രൂപ മുതൽ 3000/-രൂപ വരെ) ധനസഹായമായി നൽകുന്നു. |
| 13. എൻട്രൻസ് കോച്ചിംഗ് | -അംഗതൊഴിലാളികളുടെ മക്കൾക്ക് മെഡിക്കൽ /ധനസഹായം എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗിനായി 5000/-രൂപ ധനസഹായമായി അനുവദിക്കുന്നു. |
| 14. എസ്എസ്എൽസിപഠനസഹായം | -അംഗതൊഴിലാളികളുടെ മക്കൾക്ക് എസ്.എസ്.എസ്.സി പഠനസഹായമായി 400/- രൂപ അനുവദിക്കുന്നു. |
| 15. ക്യാഷ് അവാർഡ് | -അംഗതൊഴിലാളികളുടെ മക്കളിൽ എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ് പരീക്ഷയിൽ ഓരോ ജില്ലയിലും ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന 3 ആൺകുട്ടികൾക്കും, 3 പെൺകുട്ടികൾക്കും 2500/-രൂപ, 2000/-രൂപ, 1500/-രൂപ എന്ന ക്രമത്തിൽ നൽകുന്നു. |
| 16. വിവാഹധനസഹായം | -അംഗതൊഴിലാളികളുടെ മക്കളുടെ വിവാഹത്തിനും, സ്വന്തം വിവാഹത്തിനും ധനസഹായം അനുവദിക്കുന്നു. സ്ത്രീകൾക്ക് 3000/-രൂപയും, പുരുഷന്മാർക്ക് 2500/-രൂപയുമാണ് നൽകുന്നത്. |
| 17. പ്രസവ ധനസഹായം | -സ്ത്രീ അംഗതൊഴിലാളികൾക്ക് പ്രസവധനസഹായമായി 3000/- രൂപ അനുവദിക്കുന്നു. |
| 18. ഭവന വായ്പ | -അംഗതൊഴിലാളികൾക്ക് വീട് വാങ്ങുന്നതിനോ, നിർമ്മിക്കുന്നതിനോ 50000/-രൂപ മുതൽ 100000/-രൂപ വരെ വായ്പയായി അനുവദിക്കുന്നതാണ്. |
| 19. സാന്ത്വന ധനസഹായം | -അംഗമായിരിക്കെ മരണപ്പെടുന്ന തൊഴിലാളിയുടെ അവകാശികൾക്ക് പ്രതിമാസം 400/-രൂപ സാന്ത്വന ധനസഹായം നൽകുന്നു. |